പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 584

24/01/2018 ൽ മറുപടിക്ക്

## ടി.ടി.പി യുടെ സുസ്ഥിരമായ നിലനിൽപ്പിനായി പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.ഉബൈദുള്ള | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| എ) | ടി.ടി.പി യുടെ സുസ്ഥിരമായ നിലനിൽപ്പിന് വേണ്ടി പാരിസ്ഥിതിക മലിനീകരണ നിയന്ത്രണ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) | പാരിസ്ഥിതിക മലിനീകരണ നിയന്ത്രണത്തിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയോടെ രണ്ട് പദ്ധതികളാണ് (ന്യൂട്രലൈസേഷൻ പ്ലാന്റ്, കോപ്പറാസ് റിക്കവറി പ്ലാന്റ്) ടി.ടി.പി. നടപ്പിൽ വരുത്തുന്നത്. അതിൽ ന്യൂട്രലൈസേഷൻ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. രണ്ടാമത്തെ പ്ലാന്റായ കോപ്പറാസ് റിക്കവറി പ്ലാന്റിന്റെ നിർമ്മാണം സമയബന്ധിതമായി ആരംഭിച്ചുകഴിഞ്ഞു. |
| ബി) | കൊപ്പറാസ് റിമൂവൽ പ്ലാന്റ് എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത പദ്ധതിയുടെ മുതൽമുടക്ക് എത്ര കോടി രൂപയാണ് എന്ന് വ്യക്തമാക്കുമോ; | ബി) | കോപ്പറാസ് റിക്കവറി പ്ലാന്റ് 2018 ഓഗസ്റ്റിൽ കമ്മിഷൻ ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്. പ്രസ്തുത പദ്ധതിയുടെ മുതൽമുടക്ക് 34 കോടി രൂപയാണെന്ന് കണക്കാക്കുന്നു. |
| സി) | കൊപ്പറാസ് റിക്കവറി പ്ലാന്റ് നടപ്പിലാവുന്നതോടെ ടി.ടി.പി.യുമായി | സി) | കോപ്പറാസ് റിക്കവറി പ്ലാന്റും ന്യൂട്രലൈസേഷൻ പ്ലാന്റും പ്രവർത്തിക്കുന്നതോടെ ടി.ടി.പി.യിലെ |

| | |
|---|---|
| ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കപ്പെട്ടമോ; ഇല്ലെങ്കിൽ മറ്റെന്തെല്ലാം പദ്ധതികളാണ് ഇതിനായി നടപ്പിൽ വരുത്തേണ്ടത് എന്ന് വിശദമാക്കാമോ; | ജലമലിനീകരണം പൂർണ്ണമായും പരിഹരിക്കാൻ കഴിയും. വായുമലിനീകരണം പൂർണ്ണമായും തടയാൻ വേണ്ട സ്ക്രബ്ബറുകൾ നിർമ്മിക്കാൻ കമ്പനി പദ്ധതിയിടുന്നുണ്ട്. ഖരമലിനീകരണം ഒഴിവാക്കാൻ ഖര മാലിന്യങ്ങൾ കൊച്ചിയിലെ പൊതുസംസ്കരണ സംവിധാനത്തിലേയ്ക്ക് മാറ്റുന്നുണ്ട്. |
| ഡി) ആസിഡ് റിക്കവറി പ്ലാന്റ് ഇല്ലാതെ തന്നെ ടി.ടി.പി യുടെ മലിനീകരണ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുവാൻ സാധിക്കുമോ; വിശദാംശം നൽകുമോ? | ഡി) ആസിഡ് റിക്കവറി പ്ലാന്റ് ഇല്ലാതെ തന്നെ ടി.ടി.പി.യിലെ ജലമലിനീകരണ പ്രശ്നങ്ങൾ പരിപൂർണ്ണമായും പരിഹരിക്കാൻ സാധിക്കും. ദിനംപ്രതി 45 ടൺ ടൈറ്റാനിയം ഡയോക്സൈഡ് ഉല്പാദിപ്പിക്കുമ്പോൾ ഉണ്ടാകുന്ന ജലമലിനീകരണം പരിപൂർണ്ണമായും ഇല്ലാതാക്കാൻ ന്യൂട്രലൈസേഷൻ പ്ലാന്റിനും കോപ്പറാസ് റിക്കവറി പ്ലാന്റിനും കൂടി സാധിക്കും. |

സെക്ഷൻ ഓഫീസർ